## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5742

29.07.2015-ൽ മറുപടിക്ക്.

### കാർഷികാവശ്യത്തിനുള്ള ആയുധ ലൈസൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാർഷികാവശ്യത്തിനുള്ള ആയുധ ലൈസൻസ് പുതുക്കുന്നതിനും പുതിയവ ലഭ്യമാക്കുന്നതിനും നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | : | (എ) കാർഷിക ആവശ്യത്തിനുള്ള (ഫോം നമ്പർ V ലെ) ആയുധ ലൈസൻസുകൾ, നിലവിലെ ആയുധ നിയമത്തിനും ചട്ടങ്ങൾക്കും, കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും വിധേയമായാണ് അനുവദിക്കുന്നത്. പോലീസ്, റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കർഷകർക്ക് ആയുധ ലൈസൻസുകൾ അനുവദിക്കുന്നത്. |
| (ബി) വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത് കർഷകർക്ക് ആയുധ ലൈസൻസ് പുതുക്കി കിട്ടുന്നതിനും പുതിയവ ലഭിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | : | (ബി) കാർഷിക ആവശ്യത്തിനുള്ള ആയുധ ലൈസൻസുകൾ അനുവദിക്കുമ്പോഴും പുതുക്കി നൽകുമ്പോഴും അപേക്ഷകന്റെ/ലൈസൻസിയുടെ ജീവന് ഭീഷണിനിലനിൽക്കുന്നുണ്ടോ എന്ന തരത്തിലുള്ള റിപ്പോർട്ടുകൾ പരിഗണിക്കേണ്ടതില്ലെന്നും എന്നാൽ ടിയാന്റെ സ്വഭാവവും പൂർവ്വകാലചരിത്രവും സംബന്ധിച്ച പോലീസ് റിപ്പോർട്ട് അനിവാര്യമാണെന്നും സംസ്ഥാനത്തെ എല്ലാ ലൈസൻസിംഗ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ